



# ഇ-മാഗസിൻ

## ഹോളിക്രോസ് ഹൈസ്കൂൾ, മാപ്രാണം

## ഉള്ളടക്കം


ആമുഖം......3
ആശംസ......4
കൊടൈക്കനാൽ യാത്ര......5
വെറുതെ ഓരോന്ന്......11
സ്ത്രീജന്മം......13
ഭാവി......14
വിദ്യ......14
മാറുന്ന പ്രകൃതിയും മാറാത്ത മനുഷ്യരും......15
ചുമലുകൾ......17
അമ്മത്തൊട്ടിൽ......18
പ്രളയാനന്തരകേരളം......19
കേരളം അതിജീവനത്തിന്റെ പാതയിലൂടെ......20
കൃതജ്ഞത......22

# ആമുഖം

**അതിതീവ്രമായ അനുഭവങ്ങളുടെ ഒരു കാലഘട്ടമാണ് കൗമാരം. ജീവിതത്തിലെ കടുത്ത വർണ്ണങ്ങളിലേക്കുള്ള ഒരു തിരനോട്ടക്കാലം. ഈ കാലഘട്ടത്തിൽ ഒരു വ്യക്തിയുടെ അടിസ്ഥാനസ്വഭാവം രൂപവത്കരിക്കപ്പെടുകയും അടിസ്ഥാനവിദ്യാഭ്യാസം പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആയതിനാൽതന്നെ ജീവിതത്തിലെ ഏറ്റവും പ്രാധാന്യമേറിയ ഒരു കാലമെന്ന് ഇതിനെ വിലയിരുത്തപ്പെടുന്നു.**

**മാപ്രാണം ദേശത്തിന്റെ സരസ്വതീക്ഷേത്രമാണ് ഹോളിക്രോസ് ഹൈസ്കൂൾ. 35 വർഷത്തെ പാരമ്പര്യമുള്ള ഈ വിദ്യാലയം ഈ പ്രദേശത്തിന്റെയും സമീപപ്രദേശത്തിന്റെയും വിദ്യാഭ്യാസ-സാംസ്കാരികപരമായ ഉന്നതിയിൽ ചരിത്രപരമായ പങ്കുവഹിച്ചിട്ടുണ്ട്. തികച്ചും ഗ്രാമീണമായ പശ്ചാത്തലത്തിൽ നിലനിൽക്കുന്ന ഈ വിദ്യാലയവും ഇവിടെ വരുന്ന കുട്ടികളും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ലോകത്തിന്റെ പല ഭാഗങ്ങളിലായി തങ്ങളുടെ ഇടം സമ്പന്നമാക്കിവരുന്നു. എല്ലാ വിളവെടുപ്പുകളും സമൃദ്ധിയോടെ അനുഗ്രഹിക്കുന്ന ഞങ്ങളുടെ പുതിയൊരു സംരംഭമാണ് ഇലകൾ പച്ച... പൂക്കൾ മഞ്ഞ.... എന്ന പേരിലുള്ള ഇ-മാഗസിൻ. ഈ സംരംഭത്തിന്റെ എല്ലാ പ്രവൃത്തികളും ചെയ്തിട്ടുള്ളത് നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ്. ഈ മാഗസിൻ പ്രിന്റ് ചെയ്ത് സ്കൂൾ ലൈബ്രറിയിൽ സൂക്ഷിക്കുവാനും ഉദ്ദേശിക്കുന്നു. എല്ലാവരുടെയും വായനക്കായി ഈ ഇലകൾ പച്ച പൂക്കൾ മഞ്ഞയുടെ താളുകൾ സവിനയം സമർപ്പിക്കുന്നു.**

*എഡിറ്റോറിയൽ ബോർഡ്*

# ആശംസ

'ഇലകൾ പച്ച പൂക്കൾ മഞ്ഞ' എന്ന പേരിൽ മാപ്രാണം ഹോളിക്രോസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഇ-മാഗസിൻ പുറത്തിറക്കുന്നു എന്നത് എനിക്ക് ഏറ്റവും സന്തോഷകരമായ ഒരു കാര്യമാണ്. വിദ്യാർത്ഥികളുടെ സർവ്വതോമുഖമായ പുരോഗതിയാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ വിദ്യാലയം കുട്ടികൾക്ക് സാധ്യമായ മേഖലകളിലെല്ലാംതന്നെ ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. 2014 മുതൽ തന്നെ ഈ വിദ്യാലയത്തിൽ മലയാളം കമ്പ്യൂട്ടിങ്ങിൽ എട്ടാംക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കും പരിശീലനം നൽകിവരുന്നുണ്ട്. സജീവമായ ഒരു ലൈബ്രറിയും അതോടൊപ്പംതന്നെ കയ്യെഴുത്തുമാസികാമത്സരവും നടത്തിവരുന്നു.

ബഹു. കേരള വിദ്യാഭ്യാസവകുപ്പിന്റെ പ്രശംസനീയമായ ഒരു സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് പദ്ധതി. ഇതിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഹൈടെക് വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമാകുവാനും അതോടൊപ്പം നേതൃത്വപരമായ സ്ഥാനങ്ങൾ വഹിക്കുന്നതിനും സാധിക്കുന്നു. ആധുനിക കമ്പ്യൂട്ടറധിഷ്ഠിത സാങ്കേതികവിദ്യകളിൽ വിദഗ്ധപരിശീലനം അവരുടെ ശോഭനമായ ഭാവിക്ക് ഉപകരിക്കുമെന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഇ-മാഗസിന് എല്ലാവിധത്തിലുമുള്ള ആശംസകളും നേരുന്നു.

ബെഞ്ചമിൻ എം.എസ്

(ഹെഡ്മാസ്റ്റർ, ഹോളിക്രോസ് ഹൈസ്കൂൾ മാപ്രാണം)

# കൊടൈക്കനാൽ യാത്ര

## ജിസ്മോൾ ജോസഫ്

ഒരുപാട് പ്രതീക്ഷകളോടെയാണ് ഞങ്ങൾ ആ ദിവസത്തിനായി കാത്തിരുന്നത്. ഒക്ടോബർ ഉച്ചയ്ക്ക് ഒന്നരയോടെ ഞങ്ങൾ രണ്ടു ബസുകളിലായി കൊടൈക്കനാൽ ലാക്കാക്കി സ്കൂളിൽനിന്ന് യാത്ര തിരിച്ചു. ഇതുവരെയുള്ള ജീവിതത്തിലെ ഏറ്റവും മനോഹരമായ ദിനങ്ങളായിരുന്നു അവ.

ആദ്യമെത്തിയത് മലമ്പുഴയിലാണ്. പാലക്കാടിന്റെ വശ്യമായ പ്രകൃതിയിലൂടെ കരിമ്പനകളും വയലേലകളും പിന്നിട്ടാണ് മലമ്പുഴയിലെത്തിയത്.




മലമ്പുഴ ഡാമിന്റെ മുകളിലും പൂന്തോട്ടത്തിലും ഏറെ സമയം ചെലവഴിച്ചു. അധ്യാപകരെല്ലാം ഞങ്ങളോടൊപ്പം തമാശ പറഞ്ഞും ഏറെ ഉത്സാഹത്തിലായിരുന്നു. എല്ലാ ദിവസവും ഇത്തരത്തിലായിരുന്നെങ്കിലെന്ന് തോന്നിപ്പോയ നിമിഷങ്ങൾ. അവിടെനിന്ന് രാത്രിഭക്ഷണവും അൽപ്പം ഷോപ്പിങ്ങും നടത്തി.

തുടർന്ന് നഗരത്തിലെത്തി **'തീവണ്ടി'** സിനിമ സെക്കൻഡ്ഷോ കണ്ടു. അർധരാത്രിയോടെ ഞങ്ങൾ വീണ്ടും ബസിൽ കയറി തണുപ്പ് കുറേശ്ശെ ആരംഭിച്ചു. ഞങ്ങൾ തണുപ്പിന്റെ കൂടാരത്തിലേക്കുള്ള യാത്രയിലാണ്. ഉള്ളിൽ കുളിരും ആഹ്ലാദവും പെയ്തിറങ്ങി. ഇതുവരെ കാണാത്ത സ്വപ്നലോകത്തിലേക്ക് സ്വപ്നങ്ങൾ കണ്ടുള്ള യാത്രയായിരുന്നു അത്. കൂട്ടുകാരെല്ലാം ക്ഷീണമില്ലാതെ ബസിലെ പാട്ടിനൊപ്പം ചുവടുവച്ചപ്പോൾ ഞാൻ മാത്രം സ്വെറ്റർ പുതച്ച് നിറമുള്ള

സ്വപ്നങ്ങൾക്കായി കണ്ണടച്ചു.




പ്രഭാതത്തിൽ ശക്തമായ തണുപ്പാണ് എന്നെ ഉണർത്തിയത്. ഞങ്ങളുടെ ബസ്സപ്പോൾ വലിയൊരു കയറ്റം കയറുകയായിരുന്നു. വലതുവശത്ത് അങ്ങുയരത്തിൽനിന്ന് വെള്ളിക്കൊലുസിട്ട് പറന്നിറങ്ങുന്ന മാലാഖയെപ്പോലൊരു വെള്ളച്ചാട്ടം അപ്പോഴാണ് ശ്രദ്ധിച്ചത്. ബസ് നിറുത്തി. ഞങ്ങളെല്ലാവരും ഓടിയിറങ്ങി. ഇത്ര മനോഹരമായൊരു കാഴ്ച ഞാനാദ്യം കാണുകയായിരുന്നു, കുത്തനെനിൽക്കുന്ന കറുകറുത്ത പാറയുടെ മുകളിൽനിന്നും കുനുകുനെ തിരകളായി വെളുവെളുത്ത അലുക്കുകൾ പോലെ ജലം. എവിടെനിന്നാണിത് പുറപ്പെടുന്നതെന്ന് നാം സംശയിച്ചുപോകും. ഒരുപക്ഷെ ആകാശത്തിലെ ജലദേവത ഭൂമിയിലിറങ്ങിവരുന്നത് ഇതുവഴിയാകാം. സൂര്യന്റെ ആദ്യകിരണങ്ങൾ ഭൂമിയെ സ്പർശിച്ചുതുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. തണുപ്പ് മൂർച്ചയുള്ള പല്ലുകൾകൊണ്ടെന്നെ കടിച്ചുപറിച്ചു. ഹോ എന്തൊരു തണുപ്പ്. എല്ലാവരും പരസ്പരം കെട്ടിപ്പിടിച്ചും ഷാളിൽ സ്വയം തിരുകിയും തണുപ്പിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നു.

കൊടൈക്കനാലിന്റെ ഹൃദയമായ തടാകത്തിന്റെ കരയിലായിരുന്നു

ഞങ്ങളുടെ മഹാരാജാസ് ഹോട്ടൽ. അതായിരുന്നു ഞങ്ങളുടെ താമസസ്ഥലം. ഹോട്ടലിന്റെ അകത്ത് പ്രവേശിച്ചാൽ താഴെക്കും മുകളിലേക്കും കോണിപ്പടികൾ.. താഴേക്കുള്ള കോണിപ്പടികൾ കണ്ട് ഞാൻ അതിശയിച്ചു. പിന്നീടാണ് മനസ്സിലായത് അവിടത്തെ പ്രത്യേക ഭൂപ്രകൃതിക്കനുസരിച്ച് മിക്ക കെട്ടിടങ്ങളും ഇത്തരം രീതിയിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന്. വിശാലമായ ഹോട്ടലാണത്. എല്ലാ നിലകളിലും പൊതുവായബാൽക്കണികളും ഇരിപ്പിടങ്ങളും ഉണ്ടായിരുന്നു. വിശാലമായ മെസ്ഹാളിൽ വായിൽനിന്ന് ചൂടുവായു ഊതി ഞങ്ങൾ പരസ്പരം മത്സരിച്ചു. ചൂടുള്ള ഇഡ്ഡലിയും സാമ്പാറും പൂരിയും ഒക്കെ വയർനിറയെ കഴിച്ചു. തണുപ്പിന് ഒരു ശമനമായെന്ന് തോന്നി. നല്ല ഭക്ഷണം.. മഹാരാജാവ് നീണാൾ വാഴട്ടെ.

ആദ്യം പോയത് പൈൻ കാടുകളിലേക്കായിരുന്നു. അതു ശരിക്കുമൊരു കോടമഞ്ഞിൻ താഴ്വരയായിരുന്നു. കണ്ണെത്താ ദൂരത്തോളം പൈൻമരങ്ങൾ മാത്രം. അവയ്ക്കിടയിലൂടെ വളഞ്ഞുപുളഞ്ഞ് നടപ്പാതകൾ.. . അവയിലൂടെ ഓടിക്കളിക്കുന്ന കുട്ടികൾ.., കുതിരസവാരിക്കാർ.., ഫോട്ടോ എടുക്കുന്നവർ.... സെൽഫിസ്റ്റിക്കുകൾ.. തണുപ്പെല്ലാം കുടഞ്ഞെറിഞ്ഞ് ഞങ്ങൾ മത്സരിച്ചോടി ചെറിയ കുന്നിൻമുകളിലേക്ക്. ഹായ് എന്തു രസം.. സിനിമയിലെ കാഴ്ചകൾ യഥാർത്ഥത്തിൽ കണ്ടപ്പോൾ അതിശയിച്ചുപോയി.

പിന്നീട് ഞങ്ങൾ പോയത് ഗുണാ കേവ് എന്നറിയപ്പെടുന്ന ഗുഹപോലെയുള്ള നിഗൂഢമായ ഒരിടത്തേക്കാണ്. വന്മരങ്ങളുടെ വേരുകൾ ചിലന്തിവലപോലെ വ്യാപിച്ചിട്ടുള്ള ആസ്ഥലം ശരിക്കും ഒരു



സ്വപ്നംപോലെയിരുന്നു. വ്യൂപോയിന്റിൽനിന്നും നോക്കിയാൽ കിലോമീറ്ററുകൾ താഴെ അവ്യക്തമായി മരങ്ങൾ കാണാം. വീണാൽ പൊടിപോലുമില്ല കണ്ടുപിടിക്കാൻ.. പണ്ടൊക്കെ നിരാശരായ (വിഡ്ഢികളായ എന്ന വാക്കാണ് മാഷ് ഉപയോഗിച്ചത്) കാമുകീകാമുകന്മാർ അവിടെ വന്ന് ആത്മഹത്യചെയ്യാറുണ്ടെന്നും അതുകൊണ്ടാണ് ഇപ്പോൾ ഇരുമ്പുവേലി പിടിപ്പിച്ചിരിക്കുന്നതെന്നും മാഷ് പറഞ്ഞുതന്നു. ഞങ്ങൾ അവിടെവച്ച് മനോഹരമായ ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. എന്നുമെന്നും സൂക്ഷിച്ചുവയ്ക്കാനായി ഞാനത് പ്രിന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഓരോ പോയിന്റുകളിലുംനിന്ന് ഞങ്ങൾ ഷോപ്പിങ്ങ് നടത്തും. അപ്പോഴൊക്കെ ടീച്ചർമാർ വഴക്കുപറയും. ഷോപ്പിങ്ങിന് മാത്രമായി ഞങ്ങളെ ഒരിടത്ത് അഴിച്ചുവിടാം എന്നാണ് അവർ പറയുന്നത്. ഞങ്ങൾക്ക് അതുവരെ ക്ഷമിച്ചിരിക്കാൻ പറ്റണ്ടേ.. കൂളിങ് ഗ്ലാസ്സ്, തൊപ്പികൾ, മാലകൾ വളകൾ കളിപ്പാട്ടങ്ങൾ എന്നിങ്ങനെ വാങ്ങാവുന്നതെല്ലാം വാങ്ങിക്കൂട്ടി എല്ലാവരും. കയ്യിലിരിക്കുന്നതെല്ലാം തട്ടിയെടുക്കാൻ ഓടിക്കൂടാൻ തയ്യാറായിനിൽക്കുന്ന കുരങ്ങന്മാരാണെമ്പാടും. അവരിൽനിന്ന് രക്ഷപ്പെട്ട് വാങ്ങിയ സാധനങ്ങൾ വണ്ടിയിലെത്തിക്കാൻ ഞങ്ങൾ പെട്ട പാട്..

ഉച്ചയൂണ് ഒരാഘോഷമായിരുന്നു. വയർ പൊട്ടുന്നതുവരെ തിന്നു. നല്ല വിശപ്പായിരുന്നു എല്ലാവർക്കും. തുടർന്ന് ഞങ്ങൾ പില്ലർ റോക്കും മറ്റു പേരോർമ്മയില്ലാത്ത പല കാഴ്ചകളും പിന്നിട്ട് ഒടുവിലാണ് ലേക്കിലേക്കെത്തിയത്. അവിടം ഒരു സ്വപ്നം പോലെയിരുന്നു. എല്ലായിടത്തും



ഷോപ്പിങ് കേന്ദ്രങ്ങൾ മാത്രം. തടാകത്തിൽ ബോട്ടിങ്.. കുതിരസവാരിക്കുള്ള

അവസരം. സൈക്കിളെടുത്ത് തടാകത്തിനുചുറ്റ തികച്ചും സ്വതന്ത്രമായി കറങ്ങാനുള്ള അവസരം.. എല്ലാവരും കഴിയാവുന്നത്ര അർമാദിച്ചു. അതിരില്ലാത്ത ആഹ്ലാദം. കിട്ടാവുന്നതെല്ലാം വാങ്ങിത്തിന്നു. പലരും കരുതിവന്ന പണം കാലിയായി കടം വാങ്ങുന്ന തിരക്കുകളായി പിന്നെ. അധ്യാപകരുടെ കയ്യിൽനിന്നുപോലും കടം വാങ്ങി ചിലർ.. സൂര്യനസ്തമിക്കാറായപ്പോഴേക്കും തണുപ്പ് കഠിനമായിത്തുടങ്ങി. തടാകക്കരയിലൂടെ തിടുക്കത്തിൽ ഞങ്ങൾ ഹോട്ടലിലേക്ക് വേഗത്തിൽ നടന്നു. എത്ര നടന്നിട്ടും ഹോട്ടൽ കാണുന്നില്ല. നടന്നു നടന്നു വയ്യാതായാണ് ഹോട്ടലിലേക്കെത്തിയത്.




ചെറുതായിട്ടൊന്ന് ഫ്രഷായി. ഇനിയാണ് പ്രധാന അങ്കം. കാമ്പ് ഫയർ. കേട്ടിട്ടേയുള്ളൂ. ആദ്യമായി അനുഭവിക്കുകയാണ്. മറക്കാനാകാത്ത ഒരു അനുഭവംതന്നെ. ആഹ്ലാദം അലയടിച്ചുയരുകയാണ്. ഇടിവെട്ടുന്ന ശബ്ദത്തിൽ സംഗീതം. ആളിക്കത്തുന്ന തീയ്ക്കുചുറ്റും നൃത്തം ചെയ്യാത്തവരില്ല. എപ്പോഴും മുണ്ട്മാത്രം ധരിക്കുന്ന ഞങ്ങളുടെ ജോസ് മാഷ് പോലും മുണ്ടുമാടിക്കുത്തി നിയന്ത്രണമില്ലാതെ നൃത്തം ചെയ്തു. എല്ലാവരുടെ മുഖത്തും ചിരിയും ആഹ്ലാദവും മാത്രം. ഈ ദിനങ്ങൾ അവസാനിക്കാതിരുന്നെങ്കിൽ...

രാത്രി ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ പതുക്കെ കൊടൈക്കനാലിനോട് വിടപറഞ്ഞു. കോടമഞ്ഞും താഴ്വരകളും മടിയോടെ ഞങ്ങളിൽനിന്ന് ഓടിയകന്നു. എല്ലാവരും തകർത്ത് നൃത്തം ചെയ്യുന്നതിനിടയിൽ ഞാൻ ഉറക്കത്തിലേക്ക് വഴുതി. സുഖനിദ്ര ഒന്നുമറിഞ്ഞില്ല. സ്കൂളിന്റെ മുറ്റത്ത് വണ്ടിനിറുത്തിയശേഷം

കൂട്ടുകാർ വിളിച്ചെണീപ്പിച്ചപ്പോഴാണ് ഉണർന്നത്. നാണം തോന്നി. ഒപ്പം സ്വപ്നം പോലെ മോഹനമായ ഒരു യാത്രയുടെ നിറം മങ്ങാത്ത ഓർമ്മകളും മനസ്സിൽ നിറഞ്ഞു.



# വെറുതെ ഓരോന്ന്

ജെലീറ്റ ജോയ്സൻ

ഏതോ മനസ്സിൽ താളം തട്ടി
വെറുതെ ജീവിതതാളിലേയ്ക്ക് മെല്ലെ
ഞാനൊന്നു എത്തി നോക്കി
അമ്മതൻ പൊന്നോമനയായിരുന്നു ഞാൻ
എന്നാലിന്നിവിടെ ഈ മാളികയിൽ
അനാഥപ്രേതമായ് എരിയുന്നിതാ
എൻ ജീവിതം അമ്മേ............
ആദ്യമായി അമ്മതൻ കൈവിരൽ തുങ്ങി
മുറ്റത്ത് പിച്ച വച്ചു നടന്ന കാലം
പിന്നെ അമ്പലമുറ്റത്ത് അമ്മയോടൊപ്പം
പ്രാർത്ഥിച്ചിരുന്ന കാലം!
ഇന്നെൻ മനസ്സിൽ മായാതെ നിൽക്കുന്നിതാ
നൊമ്പരമായി ഏതോ തേങ്ങലായി
അമ്മതൻ നെഞ്ചിലെ ചൂടിനാൽ
ഉറങ്ങിയിരുന്ന കാലം എങ്ങോ അകലെ.......
അറിയാതെ അമ്മതൻ സ്നേഹബന്ധത്തിൽനിന്ന് ഞാൻ
സൗഹൃദക്കൂട്ടിൽ അലിഞ്ഞുചേർന്ന കാലം
എൻ ജീവിതത്തിൽ സ്വപ്നങ്ങൾ ചിന്നിചിതറിച്ച
ആ ശാപമായ കാലം മനസ്സിലിതാ........
ഒരു വിങ്ങലായി നിറഞ്ഞിടുന്നു
അമ്മേ മാപ്പ് തരൂ ഈ മകന്
അമ്മേ മാപ്പ് തരൂ ..........
മദ്യം, മയക്കുമരുന്ന് എന്നിവ ആസ്വദിച്ച
കൂട്ടുകെട്ടിൽ ഇതാ ഞാനൊന്നു ചേർന്നിതാ
നെഞ്ചിൽ പടിയിൽ നിന്ന്
അമ്മ മെല്ലെ ഇറങ്ങിയിതാ അകലെ

എൻ അമ്മതൻ എനിക്കുവേണ്ടി
ഈശ്വരനോട് യാചിച്ചതറിയാതെ
അമ്മയെ ഏകയാക്കിയിതാ
ഞാനീസൗഹൃദത്തിൽമതിമറന്നുപോയിതാ........

ഏതോ ഈശ്വരൻ വന്നെന്റെ കാതിൽ
വന്നു ചൊല്ലി മെല്ലെ മകനെ
മാതൃഹൃദയം വേദനിക്കുന്നിതാ
നിനക്കുവേണ്ടി ഒരു ചാപിള്ളയായി...

അറിയാതെ ബോധവാനായി അമ്മയെ
തേടി മാളികയിലേയ്ക്ക് ഓടി നടന്നിതാ
ഇതാ ഇന്നും കനൽകട്ടയായി നെഞ്ചിൽ
അന്ന് അമ്മ ഉമ്മറപടിയിൽ
ഒരു വെള്ളപാഴ്ത്തുണിയായ് എന്നിൽ
നിന്ന് അകന്നിതാ ഈശ്വര കാലടിയിലേയ്ക്ക്
അമ്മതൻ പാദത്തിൽ വീണു കരഞ്ഞതെൻ
ഓർമ്മകൾ മനസിൽ തങ്ങിയിതാ നിൽക്കുന്നു
അമ്മെ മാപ്പ് തരൂ.......................................
ഇന്നിതാ ഈ മാളികയിൽ
ഏകനായ് മൂകനായി മെല്ലെ
എന്റെ ജീവിതതാളിതാ തള്ളിനീക്കുന്നു ഞാൻ
അമ്മെ നീയെന്റെ പുണ്യമായ്
അമ്മതൻ പാതിജീവൻ എൻ കൂടെ ഈ മാളികയിൽ
അമ്മതൻ ഓർമ്മകളിൽ ഈ മകനിതാവിടെ
നീ കാണുന്നില്ലെ അമ്മെ !
വെറുതെ ഇതാ എൻ
ജീവിതം വെറുതെ ഈ
മാളികയിൽ..................................

# സ്ത്രീജന്മം

ബ്ലസ്സി പോൾ

പട്ടണത്തിൻ വാതായനങ്ങളിൽ
സുന്ദരജീവിതതന്ത്രികളിൽ
പൊഴിയുന്ന കതിരുപോൽ
തകരുന്ന മനതാര്
എന്തിനോ വേണ്ടി കേഴുന്നു

രാത്രിയുടെ നിഗൂഢതകളിൽ
കഴുകൻ തൻ ക്രൂരകരങ്ങളിൽ
അകപ്പെട്ട സ്ത്രീഹൃദയം
ജീവന്റെ തുടിപ്പിനായി
ദാഹനീരിനായി കേഴുന്നു.
സ്ത്രീതൻ രോദനം മുഴങ്ങുന്ന

മണ്ണിൻ മാറിൽ ഭൈരവർ
ആനന്ദനൃത്തം ചവിട്ടുന്നു
കാറ്റുപോയ് മഴക്കാറുപോയ്
കർക്കിടകവും രാമായണവും കുടചൂടി
നിറയുമീ ദുഃഖത്തിൻ ചുട്ടുനെട്ടുവീർപ്പുകൾ
എങ്ങും പുഴയായി കവിഞ്ഞൊഴുകുന്നു.

മോഹങ്ങളവസാനനിമിഷംവരെ
കരളിലെ ചെപ്പിൽ കൊഴിഞ്ഞ പൂക്കളായി
ആർദ്രത കിനിയും ഹൃത്തടത്തിൽ
ആസക്തിതൻ മനുഷ്യദാഹം
സ്ത്രീത്വം തച്ചുടയ്ക്കുന്നു
മനുഷ്യത്വം ഹനിക്കുന്നു
മനുഷ്യാ ! ഹേ മനുഷ്യാ!

വലിച്ചെറിയൂ നിന്റെ മുഖംമൂടി
സത്യമെവിടെ നീതിയെവിടെ
സ്ത്രീതൻ രോദനമെവിടെ
ഒടുങ്ങട്ടെ ക്രൂരത നിറയട്ടെ, മനുഷ്യത്വം
സ്ത്രീയൊരു പുണ്യദേവതയാം

# ഭാവി

ചിന്തകളെ സൂക്ഷിച്ചോളൂ
അത് വാക്കാകുന്നു
വാക്കുകളെ ശ്രദ്ധിക്കൂ
പ്രവൃത്തിയാകുന്നു
പ്രവൃത്തി സ്വഭാവവും
സ്വഭാവം സംസ്കാരവും
സംസ്കാരം ജീവിതവും
ജീവിതം ഭാവിനിർണ്ണയവും

# വിദ്യ

അറിവിൻ അക്ഷരമുത്തുകൾ
നണയാനായ് പള്ളിക്കൂടത്തിൽ പോകേണം
ഗുരുവിന്റെ വാക്കുകൾ വേദമന്ത്രമായ്
ഹൃത്തിൽ ഉരുവിടേണം
ചൊല്ലിപഠിച്ച പാഠങ്ങൾ
നന്നേ ഹൃദിസ്ഥമാക്കണം
വിവേകത്തിൻ അറിവുകൾ നാം
ജീവിതത്തിൽ പകർത്തേണം
വിദ്യാധനം അനേകർക്ക്
പ്രകാശദീപമാകേണം
പടർന്നു പന്തലിച്ച് വടവൃക്ഷമായ് മാറേണം....
ജീവിതം, ശോഭപൂരിതമാകേണം........

# മാറുന്ന പ്രകൃതിയും മാറാത്ത മനുഷ്യരും

**ജീമോൾ എ.ബി.**

പ്രകൃതി നമ്മുടെ അമ്മയാണ്. പച്ചപ്പുനിറഞ്ഞ പാടങ്ങളും മരങ്ങളും ചെടികളും നദിയും പുഴകളും പക്ഷികളും മൃഗങ്ങളും ഇതാണ് നമ്മുടെ പ്രകൃതി. നമ്മുടെ പെറ്റമ്മയെപോലെ തന്നെയാണ് പ്രകൃതി. ഇതിലെ ഓരോ കാഴ്ചകളും കണ്ണിനും മനസ്സിനും കുളിർമ്മയേകുന്നു.

പക്ഷേ ഇന്ന് നാം പ്രകൃതിയോട് എന്തെല്ലാം ക്രൂരതകളാണ് ചെയ്യുന്നത്. പലവിധചൂഷണങ്ങളാൽ പ്രകൃതിയെന്ന അമ്മയെ നശിപ്പിക്കുന്നു. കുന്നുകൾ ഇടിച്ചുനിരത്തി പാടങ്ങൾ നികത്തുന്നു. മരങ്ങൾ വെട്ടി നശിപ്പിക്കുന്നു. വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നു. ഇവയെല്ലാം പ്രകൃതിയുടെ സമതുലിതാവസ്ഥ നശിപ്പിക്കുന്നു. മരങ്ങൾ പ്രകൃതിയുടെ അഭേദ്യഭാഗങ്ങളാണ്. അവ നശിപ്പിക്കുന്നതിലൂടെ മഴയുടെ ലഭ്യത കുറയുന്നു. ശുദ്ധവായു ദുർലഭമാകുന്നു. മണ്ണൊലിപ്പ് കൂടുന്നു. ഇതിനെപ്പറ്റിയൊന്നും ആരും ചിന്തിക്കുന്നില്ല. ആധുനിക മനുഷ്യൻ പ്രകൃതി തങ്ങൾക്ക് അവകാശമായി പതിച്ചുകിട്ടിയതാണെന്ന മട്ടിലാണ് പെരുമാറുന്നത്. എന്നാൽ സകലജീവജാലങ്ങൾക്കും ഭൂമിയിൽ തുല്യാവകാശമാണുള്ളത്. ഇന്ന് എല്ലാവരും പ്രകൃതിയിൽനിന്ന് അകന്നാണ് ജീവിക്കുന്നത്. പുതിയതലമുറയിലുള്ളവർക്ക് പ്രകൃതിയിലെ ഓരോ വസ്തുക്കളും അപരിചിതമാണിന്ന്. അവയുടെ പ്രാധാന്യം അവൻ തിരിച്ചറിയുന്നില്ല. കൃത്രിമവസ്തുക്കളുടെ പിന്നാലെ പായുകയാണ് എല്ലാവരും. ഇത്തരത്തിൽ ജീവിക്കുന്നതിലൂടെ പ്രകൃതിയുമായുള്ള ബന്ധം മുറിയുന്നതിന് കാരണമാകുന്നു.

ആധുനിക മനുഷ്യൻ പ്രകൃതിയെ മലിനമാക്കുന്നതിൽ മുൻപന്തിയിലാണ്. ജലവും വായുവും മണ്ണും മലിനമാക്കുന്നതിൽ അവർ മത്സരിക്കുകയാണ്. ഈ രീതി അടുത്ത തലമുറയെയാണ് ബാധിക്കുന്നത്. മലിനമായ വായുവും മലിനമായ മണ്ണും മലിനജലവുമാണ് നാം അടുത്ത തലമുറയ്ക്കായി കരുതിവയ്ക്കുന്നത്.

പ്രകൃതിനശീകരണം നാം ചെയ്യുന്ന ഏറ്റവും തെറ്റായ പ്രവൃത്തിയാണ്. നാം ചെയ്യുന്ന ഓരോ പ്രവൃത്തികളും പ്രകൃതിയെ വേദനിപ്പിക്കുന്നു. പ്രകൃതിനശീകരണത്തിനുപകരം പ്രകൃതിസംരക്ഷണമാണ് നാം ഏറ്റെടുക്കേണ്ടത്.

പച്ചപ്പുനിറഞ്ഞ വയലുകളും പൂക്കളും കിളികളുടെ കളകളാരവങ്ങളും ഇതൊന്നുമില്ലാത്ത ഒരു നാളെയെപ്പറ്റി നമുക്കു ചിന്തിക്കുവാൻ സാധിക്കുമോ. പ്രകൃതിയിലെ സജീവമായ ഓരോ കാഴ്ചകളും നമ്മുടെ മനസ്സിനെ ആനന്ദിപ്പിക്കുന്നു. ഇവയെല്ലാം പ്രകൃതിമാതാവിന്റെ വരദാനങ്ങളാണ്. ഇവയൊന്നും നശിപ്പിക്കാതെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പുതിയ തലമുറയാണ് ഈ കടമ ഏറ്റെടുക്കേണ്ടത്. അങ്ങനെ നമുക്ക് നമ്മുടെ പ്രകൃതിയുടെ സൗന്ദര്യത്തെ വീണ്ടെടുത്ത് അതിനോടുചേർന്ന് ജീവിക്കാം. അടുത്ത തലമുറയ്ക്ക് കൈമാറാം. നല്ലൊരു നാളേക്കായി പ്രയത്നിക്കാം.

# ചുമലുകൾ

**ടെസ്സ.**

മണിക്കുട്ടൻ കുഞ്ഞായിരുന്നപ്പോൾ അവന്റെ അമ്മ അവനോട് ചോദിച്ചു. നിന്റെ ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഏതാണെന്ന് . അവൻ പറഞ്ഞു എന്റെ കാതുകൾ! കാരണം തിരക്കിയ അമ്മയോട് അവൻ പറഞ്ഞു. അമ്മ പറയുന്നതും പാടിയുറക്കുന്നതുമെല്ലാം എന്റെ കാതുകളാണ് എന്നെ അറിയിച്ചത്.

കുറെ നാളുകൾ കഴിഞ്ഞ് അവനൽപ്പം വളർന്നപ്പോൾ അമ്മ ചോദിച്ചു. ഇപ്പോൾ നിന്റെ ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവമേതാണെന്ന്. അപ്പോൾ അവൻ പറഞ്ഞു. എന്റെ കണ്ണുകൾ.. കാരണം എനിക്ക് അമ്മയെയും ഈ മനോഹരമായ പ്രകൃതിയെയും കാണിച്ചുതന്നത് എന്റെ കണ്ണുകളാണല്ലോ.

നാളുകൾ കടന്നുപോയി. മണിക്കുട്ടൻ ഒരു യുവാവായി മാറി. അവന്റെ മുത്തശ്ശി മരിച്ചു. എല്ലാവരും സങ്കടം സഹിക്കാനാവാതെ പൊട്ടിക്കരഞ്ഞു. മണിക്കുട്ടൻ ആദ്യമായാണ് തന്റെ അച്ഛൻ കരയുന്നത് കാണുന്നത്. അടുത്തൊരു ദിവസം അവന്റെ അമ്മ പഴയ ചോദ്യം വീണ്ടും ആവർത്തിച്ചു. നിന്റെ ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമേതാണെന്ന്.

ഈ സമയത്ത് അമ്മയുടെ ചോദ്യംകേട്ട് മണിക്കുട്ടൻ ആശ്ചര്യപ്പെട്ടു. അപ്പോൾ അവന്റെ അമ്മതന്നെ അതിന് ഉത്തരം നൽകി. മോനെ നിന്റെ ചുമലുകളാണ് അത്. അപ്പോഴവൻ ചിന്തിച്ചുകൊണ്ട് പറഞ്ഞു. മനസ്സിലായി അമ്മേ എന്റെ തലഉയർത്തിപ്പിടിക്കുവാൻ എന്നെ സഹായിക്കുന്നത് എന്റെ ചുമലുകളാണ് അല്ലേ. അപ്പോൾ അമ്മ അവനെ തിരുത്തി. അല്ല മകനെ, മറ്റുള്ളവർ ദുഃഖിക്കുമ്പോൾ അവർക്ക് തലചായ്ക്കുവാനും ചുമലുകൾ വേണം. നീ ഇപ്പോൾ വലുതായി നിന്റെ ചുമലുകൾക്ക് മറ്റുള്ളവരുടെ സങ്കടം താങ്ങാനുള്ള ശേഷികൈവന്നിരിക്കുന്നു. മോനെ, മറ്റുള്ളവർക്കുവേണ്ടി ഭാരം ചുമക്കുമ്പോഴാണ് നാം അവർക്ക് പ്രിയപ്പെട്ടവനാകുന്നത്. അതിനാൽ നീ നിന്റെ ചുമലുകൾ മറ്റുള്ളവർക്ക് താങ്ങായി ഉപയോഗിക്കുക.

# അമ്മത്തൊട്ടിൽ

## ബ്ലസ്സി പോൾ

ജീവിതത്തിൻ ഓർമ്മകളിൽ
മായുന്ന വീചിപോൽ
നിറയും സാന്ദ്രമാം മുഖം
കാലത്തിൻ കുത്തൊഴുക്കിൽ
എങ്ങോ മറഞ്ഞുപോയ്

പുഞ്ചിരി പൊഴിയും അധരം
ശാന്തത പടരും വദനം
വേദനയാൽ ഉരുകും മനം
എന്നും സാന്ത്വനമേകും മുഖം

ഓർമ്മതൻ മണിവീണയിൽ
ഞാനോർക്കുന്നൊരമ്മയെ
ഒരുനാളും കൈവിടാത്തൊരമ്മയെ
സ്വർഗ്ഗീയകാന്തിയുള്ളോരമ്മയെ

കന്യകമാരുടെ റാണിയാമവൾ
കേഴുന്നോർക്കാലംബമാമവൾ
ജപമാലതൻ ശക്തിയാണവൾ
പ്രാർത്ഥനതൻ നിറദീപമാണവൾഅമ്മതൻ താരാട്ടിനാൽ
പ്രഭ ഉരുകുന്ന എൻ ജീവിതം
മറക്കില്ലൊരിക്കലും
ആ താരാട്ടിൻ ഈണം

നിൻ കൃപതൻ മാരി
പാവനമാം നിൻ സ്നേഹം
ചൊരിയുകയാണീ സ്നേഹത്തിൻ മധുരസ്പർശം
നണയുമീ ജീവിതവീഥികളിൽ

# പ്രളയാനന്തരകേരളം

## ബെനിറ്റ

കേരളം കണ്ടതിൽവച്ചേറ്റവും ഭയാനകമായ ഒരു പ്രളയത്തിലൂടെയാണ് നാം കടന്നുപോയത്. ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും പുൽനാമ്പുകൾ തളിർത്ത നാളുകൾ. കേരളജനതയെ ഒത്തിരിയേറെ വിഷമത്തിലാഴ്ത്തുകയും അതിലേറെ ഭീതി ജനിപ്പിക്കുകയും ചെയ്ത ദിനങ്ങളായിരുന്നു അവ. ഒരായുസ്സിന്റെ സമ്പാദ്യമത്രയും ഒരോറ്റ രാത്രികൊണ്ട് വെള്ളത്തിലായപ്പോൾ തകർന്ന ഒട്ടേറെ കുടുംബങ്ങൾ, നാടിന്റെ നന്മയ്ക്കായി പ്രവർത്തിച്ചതിലൂടെ പൊലിഞ്ഞ ഒട്ടേറെ ജീവനുകൾ.

തിരക്കേറിയ ജീവിതത്തിൽ വിശ്രമിക്കാനായി ഒത്തുകൂടുവാനായി, ഒന്നായി കൈകോർത്ത് പ്രാർത്ഥിക്കുവാനും ദൈവം ഒരുക്കിത്തന്ന മണിക്കൂറുകൾ. മനുഷ്യത്വത്തിന്റെ മഹനീയതയിൽ കേരളം കെട്ടിപ്പടുക്കുന്നതിനിടയിൽ അറിയാതെപോയ ഒത്തിരിയേറെ നഷ്ടങ്ങൾ പ്രതീക്ഷയോടെ കെട്ടിപ്പൊക്കിയ വീടുകൾ ഉപജീവനത്തിനായി ആശ്രയിച്ച കൃഷിസ്ഥലങ്ങളും കുടുംബങ്ങളുടെ നെടുംതൂണായിരുന്ന ജീവനുകൾ എല്ലായിടവും വെള്ളത്താൽ ചുറ്റപ്പെട്ടപ്പോൾ ശുദ്ധജലത്തിനായി ദാഹിച്ച് ഒരുപാട് മനുഷ്യർ വെട്ടവും വെളിച്ചവും കിട്ടാക്കനിയായ ദിനങ്ങൾ ആശയവിനിമയ ഉപാധികൾ നിഷ്ഫലമായ ദിവസങ്ങൾ പക്ഷേ ഒത്തൊരുമയുടെ ഒരുത്സവമായിരുന്നു ആ ദിനങ്ങൾ. ഒന്നു പരസ്പരം ചിരിക്കാൻപോലും സമയമില്ലാതെ പരക്കംപാഞ്ഞ് നടന്നിരുന്ന മനുഷ്യർ ഒന്നിച്ചിരുന്ന് സംസാരിക്കാനും പരസ്പരം തിരിച്ചറിയാനും അവസരം കിട്ടിയ നാളുകളായിരുന്നു അവ. എല്ലാ വിഷമതകൾക്കും നഷ്ടങ്ങൾക്കും വിരാമമിട്ടുകൊണ്ട് ഒടുവിൽ മഴ തോർന്നു വെള്ളമിറങ്ങി. പുതിയൊരു ജീവിതം കെട്ടിപ്പടുക്കാൻ കേരളീയജനത ഒറ്റക്കെട്ടായി രംഗത്തിറങ്ങി. പ്രളയം അവസാനിച്ചിട്ടും ഐക്യത്തിന്റെ കരങ്ങൾ ഉയർന്നുകൊണ്ടേയിരിക്കുന്നു. പ്രളയത്തെ ഒറ്റക്കെട്ടായി അതിജീവിച്ച കേരളീയ ജനത നവകേരള നിർമ്മിതിക്കായി പ്രവർത്തിച്ചുകൊണ്ട് ഇന്നും പ്രതീക്ഷകളുടെയും പ്രത്യാശയുടെയും ഐക്യത്തിന്റെയും ജീവിതം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു

# കേരളം അതിജീവനത്തിന്റെ പാതയിലൂടെ

## ജിസ്മോൾ ജോസഫ്

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തെയാണ് നാം അഭിമുഖീകരിച്ചത്. 1924-ൽ ഉണ്ടായ പ്രളയത്തെക്കാൾ മഹാദുരന്തം സൃഷ്ടിച്ച മടങ്ങിയ പ്രളയത്തിന്റെ ഭീതി പതിയെ മാറിത്തുടങ്ങുന്നു. കേരളം അതിജീവനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

ഈ മഹാപ്രളയത്തിൽ ഒലിച്ചുപോയത് മതത്തിന്റെയും ജാതിയുടെയും സമ്പത്തിന്റെയും വേലിക്കെട്ടുകളാണ്. എല്ലാവരും ഈ മഹാദുരന്തത്തെ അതിജീവിക്കുവാൻ ഒത്തൊരുമിച്ച് പ്രവർത്തിച്ചു. രക്ഷാപ്രവർത്തകർ മൂലം പലരുടെയും ജീവിതം അത്ഭുതകരമായി രക്ഷപ്പെട്ടു. ഉപയോഗശൂന്യരെന്ന് നാം കരുതിയ മീൻപിടുത്തക്കാർ പലരുടെയും രക്ഷകരായി മാറി. പ്രളയത്താൽ ഉണ്ടായ നാശനഷ്ടങ്ങൾ ഏറെയാണ്. റോഡുകളും വീടുകളും സമ്പത്തും എല്ലാം നശിച്ചു. പ്രളയമവശേഷിപ്പിച്ച ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യക്കൂമ്പാരങ്ങൾ. മാലിന്യസംസ്കരണം നവകേരളനിർമ്മിതിയുടെ പ്രധാനപ്പെട്ട ഒരു സമസ്യയായി മാറിയിരിക്കുന്നു. നാം പുഴയിലൊഴുക്കിയ മാലിന്യങ്ങൾ പുഴകൾ നമുക്ക് തിരികെ തന്നു. തകർന്ന റോഡുകളെക്കാൾ കഷ്ടമാണ് ചീഞ്ഞുനാറുന്ന ചിതറിയ മാലിന്യങ്ങൾ.

മാലിന്യസംസ്കരണം ഫലപ്രദമായി നടന്നാൽ മാത്രമേ കേരളത്തിന്റെ അതിജീവനം എന്ന സ്വപ്നം യാഥാർത്ഥ്യമാകൂ. ഇതിനുവേണ്ടതായ മാതൃകകൾ ഇന്ന് തുമ്പൂർമുഴിയിലും സുൽത്താൻബത്തേരിയിലും കാണാൻ കഴിയും. സുൽത്താൻബത്തേരിയിൽ തദ്ദേശസ്വയംഭരണസ്ഥാപനം നടപ്പിലാക്കിയ മാലിന്യസംസ്കരണരീതികൾ സംസ്ഥാനത്തിനാകെ മാതൃകയാണ്. തുമ്പൂർമുഴിമാതൃക ഏറെ മുമ്പുതന്നെ പ്രസക്തമാണ്.

പരിസരശുചിത്വം ആരോഗ്യമുള്ള സമൂഹത്തിന്റെ ലക്ഷണമാണ്.

വ്യക്തിശുചിത്വത്തിൽ ഒന്നാമതെത്തിയ മലയാളികൾ പരിസരശുചിത്വത്തിൽ പിന്നിലാണ്. ഈ സ്ഥിതിവിശേഷം മാറേണ്ടതുണ്ട്. ഇതിനായി നാം കേരളീയർ ഒന്നിച്ചുനിൽക്കണം. നവകേരളം പടുത്തുയർത്തണം. കേരളസംസ്ഥാന രൂപീകരണത്തിന്റെ 68-മത് പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ ഒരു ശുചിത്വസുന്ദരമായ കേരളത്തിനായി നമുക്ക് കൈകോർക്കാം.

# കൃതജ്ഞത

നമുക്ക് ലഭ്യമായ ഹൈടെക് സൗകര്യങ്ങൾ ഉപയോഗിച്ച് നമ്മുടെ വിദ്യാലയത്തിൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് പരിശീലനപദ്ധതി. ഓരോ വർഷവും മത്സരപരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളാണ് ഓരോ വർഷവും ഇതിൽ അംഗങ്ങളാകുന്നത്. അവർക്ക് ഈ വർഷം ലഭിച്ച മലയാളം കമ്പയൂട്ടിങ് പരിശീലനത്തിന്റെ പൂർത്തീകരണമാണ് ഈ മാഗസിൻ. ഇതിലേക്ക് രചനകൾ നൽകിയും മറ്റും സഹകരിച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. ഞങ്ങൾക്കാവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയ പ്രധാനാധ്യാപകൻ ശ്രീ ബെഞ്ചമിൻ മാസ്റ്റർ, സി.വി. ജോസ് മാസ്റ്റർ, കെ.പി. റീനടീച്ചർ എന്നിവരോടുള്ള നന്ദിയും ഈയവസരത്തിൽ രേഖപ്പെടുത്തുന്നു.

* * *